**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - **2026-27** സാമ്പത്തിക വർഷം പദ്ധതിയ്ക്ക് വേണ്ടി നൽകിയ ഭരണാനുമതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**1313/2026/LSGD** തീയതി,തിരുവനന്തപുരം, **21-07-2026**

---

പരാമർശം:-
1. **07.05.2026** തീയതിയിലെ സ.ഉ(സാധാ)നം.**971/2026/LSGD** ഉത്തരവ്
2. നഗരകാര്യ ഡയറക്ടറുടെ **2.7.2026** ലെ **LSGD/PD/21899/2024-DPLD3** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി **2026-27** സാമ്പത്തിക വർഷം ബഡ്ജറ്റിൽ **2217-80-800-76-P-V** ശീർഷകത്തിൽ വകയിരുത്തിയിരുന്ന **200** കോടി രൂപയ്ക്ക് പരാമർശം **1**-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. **2026-27** സാമ്പത്തിക വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി **165** കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതായും അതിനായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം **2** പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുള്ള തുക **165** കോടി രൂപയാക്കിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം **1**-ലെ ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി പരിഷ്കരിച്ച് **165** കോടി രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

**To,**

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
5. ധനകാര്യവകുപ്പ്
6. ധനകാര്യവകുപ്പ് (Planning SC) വകുപ്പ്
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്
8. ഡയറക്ടർ IKM
9. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Preetha P R
Date: 21-07-2026
15:32:33

സെക്ഷൻ ഓഫീസർ